"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

**തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസന വകുപ്പ് - ജീവനക്കാര്യം - മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷനിൽ ഡയറക്ടർ തസ്തികയിലെ ചുമതല ക്രമീകരണം - ശ്രീ.എൽ.പി.ചിത്തർ, അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർക്ക് അധികച്ചുമതലാബത്ത അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം. 334/2020/ത.സ്വ.ഭ.വ** **തിരുവനന്തപുരം, തീയതി, 07.02.2020.**

പരാമർശം: 1) സ.ഉ.(സാധാ) നം.811/2019/തസ്വഭവ തീയതി 05.04.2019.
2) 22.10.2019-ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 2059/ഇ/2019/ആർഇജിഎസ് നമ്പർ കത്ത്.

**ഉത്തരവ്**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷനിൽ ഡയറക്ടർ അവധിയിൽ പ്രവേശിച്ചപ്പോൾ, പ്രസ്തുത തസ്തികയുടെ പൂർണ്ണ അധികച്ചുമതല ഗ്രാമ വികസന വകുപ്പിലെ അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ ആയിരുന്ന ശ്രീ.എൽ.പി.ചിത്തറിന് പരാമർശം (1) ഉത്തരവ് പ്രകാരം നൽകിയിരുന്നു. മിഷൻ ഡയറക്ടറുടെ അധികച്ചുമതല വഹിച്ച 05.04.2019 മുതൽ 31.07.2019 വരെയുള്ള കാലയളവിലേക്ക് ശ്രീ.എൽ.പി.ചിത്തറിന് അധികച്ചുമതലാബത്ത അനുവദിക്കണമെന്ന് മിഷൻ ഡയറക്ടർ പരാമർശം (2) പ്രകാരം അപേക്ഷിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 05.04.2019 മുതൽ 31.07.2019 വരെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷനിൽ ഡയറക്ടറുടെ പൂർണ്ണ അധികച്ചുമതല വഹിച്ച ശ്രീ.എൽ.പി.ചിത്തറിന്, കെ.എസ്.ആർ. ഭാഗം-I, ചട്ടം 53 A II (c), 53 (c) എന്നിവ പ്രകാരം, IAS തസ്തികയുടെ entry cadre-ലെ pay matrix-ന്റെ (56,100-1,77,500) മിനിമത്തിന്റെ 6% എന്ന നിരക്കിൽ, 06.04.2019 മുതൽ പരമാവധി 3 മാസക്കാലയളവിലേയ്ക്ക് ചാർജ് അലവൻസ് അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

3. ഇതിനാവശ്യമായ ചെലവ് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പ്രീത കെ.എസ്.**
**ഡെപ്യൂട്ടി സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
ശ്രീ.എൽ.പി.ചിത്തർ, അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ. (ഗ്രാമവികസന കമ്മീഷണർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം/തൃശ്ശൂർ.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ